# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 259 11-06-2012-ലെ മറുപടിക്ക്.

### മൽസ്യ ബന്ധനത്തൊഴിലാളികളുടെ സുരക്ഷ

ചോദ്യം :

ശ്രീ. ഹൈബി ഈഡൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. പാലോട് രവി

ഉത്തരം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | ഇറ്റാലിയൻ കപ്പലിൽ നിന്നുള്ള വെടിവയ്പിന്റെ പശ്ചാത്തലത്തിൽ മൽസ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളുടെ സുരക്ഷയ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ആഭ്യന്തര വകുപ്പ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | | (എ) യും (ബി)യും<br>മൽസ്യ ബന്ധനത്തിനു പോകുന്ന തൊഴിലാളികളുടെ സുരക്ഷക്കായി ബോട്ടുകളിൽ 'Fishing Boat'എന്ന് വ്യക്തമായി കാണത്തക്ക വിധത്തിൽ എഴുതിപ്രദർശിപ്പിക്കണമെന്നും, കപ്പൽ ചാലുകളിലൂടെ ബോട്ട് ഓടിക്കരുതെന്നും അഥവാ കപ്പൽ ചാലുകളിൽ മൽസ്യ ബന്ധനം നടത്തുന്ന പക്ഷം കപ്പലിന് സമീപത്തേക്ക് വേഗത്തിൽ ഓടിച്ച് പോകരുതെന്നും കപ്പലിനെ പിന്തുടരാൻ പാടില്ലായെന്നും വെടിവയ്പിന്റെ പശ്ചാത്തലത്തിൽ മൽസ്യ ബന്ധനത്തിന് പോകുന്നവർക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇതുകൂടാതെ മൽസ്യതൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി ലൈഫ് ജാക്കറ്റ് നൽകുന്നതിനും കപ്പൽച്ചാനലിന്റെ നീളവും വീതിയും സംബന്ധിച്ച വിവരങ്ങളും മറ്റും മൽസ്യതൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും തീരദേശ മേഖലകളിൽ മൊബൈൽ കവറേജ് ഏരിയ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മൽസ്യതൊഴിലാളികളുടെയും മറ്റും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി പ്രവർത്തനം ആരംഭിച്ച 7 തീരദേശ |
| (ബി) | വിദേശ രാജ്യങ്ങളിലെ കപ്പലുകളിൽ നിന്നുള്ള ആക്രമണത്തിൽ നിന്നും മൽസ്യബന്ധനതൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | | |

| | | | |
|---|---|---|---|
| | | | പോലീസ് സ്റ്റേഷനുകൾക്കും ഓരോ റസ്ക്യൂ ബോട്ടുകളും, ബോട്ടൊന്നിന് ഒരു ബോട്ട് കമാണ്ടർ, ഒരു അസിസ്റ്റന്റ് ബോട്ട് കമാണ്ടർ നാല് സ്പെഷ്യൽ മറൈൻ ഹോം ഗാർഡുകൾ എന്നതോതിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി കേന്ദ്ര സർക്കാരിന്റെയും എംബസികളുടെയും സഹകരണം തേടുന്ന കാര്യം പരിഗണിക്കുമോ.? | (സി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെയും എംബസികളുടെയും സഹകരണം ഇതിനോടകം തന്നെ തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ